പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:*115 | 11/07/2016 - ൽ മറുപടിയ്ക്ക്

**സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.റ്റി.ബൽറാം<br>,, ഹൈബി ഈഡൻ<br>,, ഷാഫി പറമ്പിൽ | പ്രൊ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) കേരളം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടിയ സംസ്ഥാനം എന്ന നേട്ടം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) യൂണിവേഴ്സലൈസേഷൻ ഓഫ് എലമെന്ററി എഡ്യൂക്കേഷൻ പദ്ധതിയുടെ ഭാഗമായി 2014-ൽ കേരളം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടിയ സംസ്ഥാനമെന്ന നേട്ടം കൈവരിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചതെന്ന് വിശദീകരിക്കാമോ; | (ബി) പ്രാഥമിക വിദ്യാഭ്യാസം നേടാൻ പ്രായമായ എല്ലാ കുട്ടികളേയും, വർണ്ണ, വർഗ്ഗ, ലിംഗ, ഭിന്നശേഷി എന്നീ വ്യത്യാസങ്ങളില്ലാതെ സ്കൂൾ പ്രവേശനം ഉറപ്പുവരുത്തുക എന്നുള്ളതാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) എന്തെല്ലാം പദ്ധതികളാണ് ഇതിനുവേണ്ടി നടപ്പാക്കിയത്; | (സി) കുട്ടികൾക്ക് എത്തിച്ചേരാൻ സാധിക്കാത്ത സ്ഥലങ്ങളിലും ഉൾ പ്രദേശങ്ങളിലും ഉള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നല്കുക എന്ന ലക്ഷ്യത്തോടെ എം.ജി.എൽ.സി കൾ (Multi Grade Learning centre) ആരംഭിച്ചു. |
| (ഡി) ഈ നേട്ടം കൈവരിക്കാൻ എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ കൈക്കൊണ്ടത്; വിശദമാക്കുമോ? | (ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി സർവ്വേ നടത്തി സ്കൂൾ പ്രവേശനം നേടാത്ത കുട്ടികളെ കണ്ടെത്തി അവരുടെ |

സ്കൂൾ പ്രവേശനം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നു. കൂടാതെ ഈ ലക്ഷ്യത്തിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളെ, ഡി.പി.ഇ.പി, എസ്.എസ്.എ, എന്നിവയുടെ കീഴിൽ സി.ആർ.സി, ബി.ആർ.സി, ജില്ലാതല സ്ഥാപനങ്ങൾ എന്നിവയായി വികേന്ദ്രീകരിച്ചിട്ടുണ്ട്.

Sreedevi

സെക്ഷൻ ഓഫീസർ